കല്ലായിപ്പുഴ സംരക്ഷണം

235 (900) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് കല്ലായിപ്പുഴ, ചെളി കോരി വൃത്തിയാക്കി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

കല്ലായിപ്പുഴയുടെ ഉൾനാടൻ ജലപാതയുടെ ഭാഗമായ ഭാഗത്തെ ചെളി നീക്കം ചെയ്യുന്നതിനായി റിവർ മാനേജ്മെന്റ് ഫണ്ടിൽപ്പെടുത്തി നാനൂറ്റി തൊണ്ണൂറ് ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടി നടന്നുവരവെ ഭരണാനുമതി നൽകി രണ്ട് വർഷം കഴിഞ്ഞിട്ടും ആരംഭിക്കാത്തതിനാൽ പ്രവൃത്തി റദ്ദാക്കാൻ തീരുമാനിച്ചിരുന്നു. തുടർന്ന് ഈ പ്രവൃത്തി നടപ്പാക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് 20-4-2015 തീയതിയിൽ കൂടിയ സംസ്ഥാന ഉന്നതതല സമിതിയിൽ പ്രവൃത്തി ആറുമാസത്തിനകം പൂർത്തിയാക്കാൻ അനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ സർക്കാർ പരിഗണനയിലാണ്.

മൂർക്കനാട് കടിവെള്ള പദ്ധതി

236 (901) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മൂർക്കനാടും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ മുഖ്യഘടകങ്ങളായ കിണർ, പമ്പ്ഹൗസ്, പമ്പിംഗ് മെയിൻ, ശുദ്ധീകരണശാല, ജലസംഭരണികൾ എന്നിവയുടെ പണി പൂർത്തീകരിച്ച് ട്രയൽ റൺ നടത്തിവരുന്നു.

വിതരണശൃംഖല-മൂർക്കനാട് കുറുവ, പുഴക്കാട്ടിരി, മക്കരപറമ്പ്, മങ്കട എന്നീ പഞ്ചായത്തുകൾക്കുവേണ്ടി 2010, 2013, 2014 വർഷങ്ങളിൽ എസ്.എൽ.എസ്.എസ്.സി.-യിൽ ഭരണാനുമതി ലഭിച്ച 211 കി.മീറ്റർ പ്രവൃത്തികൾ നടന്നുവരുന്നു. 2014-ൽ ഭരണാനുമതി ലഭിച്ച കൂട്ടിലങ്ങാടി പഞ്ചായത്തിന്റെ പണിക്കായി കേരള വാട്ടർ അതോറിറ്റി ടെണ്ടർ സ്വീകരിച്ച് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly